45

നം.സി3/3214/2017

12

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dairydirector05@yahoo.co.in
dddtvm@gmail.com
തീയതി: 06/03/2017

## സർക്കുലർ നം. 10/2017

വിഷയം:- ക്ഷീരവികസന വകുപ്പ്- കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് അംഗത്വം -വകുപ്പുതല നടപടികൾ കൂടുതൽ ജാഗ്രത പാലിക്കുന്നത് - സംബന്ധിച്ച്

സൂചന:- ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10/02/2017-ലെ KDFWF/J/6099/16 നമ്പർ കത്ത്

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ ക്ഷീരകർഷകർ അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഒരു സംഘത്തിലെ അംഗമായ കർഷകൻ ക്ഷേമനിധി അംഗത്വത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ അതേ ജില്ലയിലെ മറ്റൊരു ബ്ലോക്കിലെ സംഘം വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് പരിശോധിച്ച് നോഡൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
2. അപേക്ഷകൾ ലഭിക്കുമ്പോൾ അവ വേണ്ടവിധം പരിശോധന നടത്തുന്നില്ല എന്നും പരിശോധനയിൽ വീഴ്ചകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ അപേക്ഷകൾ പരിശോധിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും കൃത്യമായ പരിശോധന നടത്തി എന്നും ഉറപ്പാക്കേണ്ടതും ആണ്. ഒരിക്കൽ പെൻഷൻ/മറ്റ് ആനുകൂല്യങ്ങൾ അനുവദിച്ച വ്യക്തിക്ക് വീണ്ടും അതേ ആനുകൂല്യങ്ങൾ അനുവദിക്കാനുണ്ടായ സാഹചര്യം ഉണ്ടായാൽ പരിശോധനയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കും ഇതിന് ഉത്തരവാദി.

ഡയറക്ടർ (i/c)
ക്ഷീരസഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരളാ കർഷക ക്ഷേമനിധി ബോർഡ്
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, നോഡൽ ഓഫീസർമാർക്കും
(എല്ലാ ക്ഷീരവികസന ഓഫീസർമാരേയും , ഡയറി ഫാം ഇൻസ്ട്രക്ടർമാരേയും, അറിയിക്കുന്നതിനായി)
3. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ( വകുപ്പ് തല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ (6) ഫയൽ കോപ്പി.

SS.16/03